**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3791** | **11.11.2019-ൽ മറുപടിക്ക്**

**കാസർകോട് ജില്ലയിൽ വിവിധ കുറ്റങ്ങൾ ചുമത്തി പിടികൂടിയ വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ.എൻ. എ. നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കാസർകോട് ജില്ലയിൽ വിവിധ കുറ്റങ്ങൾ ചുമത്തി പിടികൂടിയ എത്ര വാഹനങ്ങൾ കഴിഞ്ഞ മൂന്ന വർഷമായി കെട്ടികിടക്കുന്നു എന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ഈ വാഹനങ്ങളുടെ നിയമലംഘനങ്ങൾ ഏത് സെക്ഷൻ പ്രകാരമാണ് കുറ്റകരമായതെന്നും ഏത് തരത്തിലുള്ള വാഹനങ്ങളാണ് കെട്ടിക്കിടക്കുന്നതെന്നും അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വില എന്താണെന്നും വ്യക്തമാക്കാമോ: | | |
| (സി) ഈ വാഹനങ്ങൾക്ക് എതിരെ കോടതികളിൽ കേസ്സ് നിലവിലുണ്ടോ എന്നും കേസ്സ് തീർപ്പാക്കാത്തതുകൊണ്ടാണോ വാഹനങ്ങൾ വിട്ടുകൊടുക്കാത്തതെന്നും വ്യക്തമാക്കുമോ; വാഹനയുടമകൾ തിരിഞ്ഞു നോക്കാത്തതു കൊണ്ട് എത്ര വാഹനങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) സർക്കാരിന് ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ ഈ വാഹനങ്ങൾ ലേലം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ ഉത്തരവ്(പി) നം.60/2018/ആഭ്യ. തീയതി 11.09.2018 പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് ടി വാഹനങ്ങൾ തീർപ്പുകൽപ്പിക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സന്ദേശം സംസ്ഥാന പോലീസ് മേധാവി എല്ലാ റെയ്ഞ്ച് മേധാവിമാർക്കും നൽകിയിട്ടുള്ളതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ